"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - സർവെയും ഭൂരേഖയും വകുപ്പിൽ തൃശ്ശൂർ സർവെ റേഞ്ച് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് കെട്ടിടം പൊളിച്ച് മാറ്റുന്നതുമായി ബന്ധപ്പെട്ട് മോഡേൺ റാക്ക് മാറ്റി സ്ഥാപിക്കുന്നതിന് ചെലവാകുന്ന തുക - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.904/2025/RD തീയതി,തിരുവനന്തപുരം, 09-04-2025

പരാമർശം:-
1. 07.08.2017 ലെ സ.ഉ(അച്ചടി). നം. 102/2017/Fin.
2. 18.06.2023 ലെ സ.ഉ.(സാധാ). നം. 2292/2023/RD.
3. തൃശ്ശൂർ സർവെ റേഞ്ച് അസിസ്റ്റന്റ് ഡയറക്ടറുടെ 24.01.2025 ലെ സി1-1359/2023 നമ്പർ കത്ത്
4. സർവെ ഡയറക്ടറുടെ 20.03.2025 - ലെ DSLR/623/2025-B4 നമ്പർ കത്ത്.

**ഉത്തരവ്**

1. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം Construction of Modern Record Room and subsequent infrastructure facilities എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നു.
2. അതിൻ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ വകയിരുത്തിയ തുക വിനിയോഗിച്ച് തൃശ്ശൂർ, സർവെ റേഞ്ച് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണെന്നും ഇതുമായി ബന്ധപ്പെട്ട് ടി ഓഫീസിലെ മോഡേൺ റാക്കുകൾ അടിയന്തരമായി മാറ്റി സ്ഥാപിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളതെന്നും ടി ആവശ്യത്തിലേയ്ക്ക് കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള Steel Industrial Kerala Limited എന്ന സ്ഥാപനത്തിൽ നിന്നും 2,49,782/- രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി തൃശ്ശൂർ, സർവെ റേഞ്ച് അസിസ്റ്റന്റ് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയിട്ടുണ്ടെന്നും അതിനാൽ പുതിയ ഓഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള മോഡേൺ റാക്കുകൾ അടിയന്തരമായി മാറ്റി സ്ഥാപിക്കേണ്ടത് അനിവാര്യമായതിനാൽ 2,49,782/-രൂപയുടെ ഭരണാനുമതിയും 2029-00-102-95-34- ഒസി എന്ന ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കുന്നതിനുള്ള ഉത്തരവും ലഭ്യമാക്കണമെന്നും സർവെ ഡയറക്ടർ പരാമർശം (4) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.
3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർവ്വേയും ഭൂരേഖയും വകുപ്പിലെ തൃശ്ശൂർ, സർവെ റേഞ്ച് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് കെട്ടിടം പൊളിച്ച് മാറ്റുന്നതുമായി ബന്ധപ്പെട്ട് മോഡേൺ റാക്ക് മാറ്റി സ്ഥാപിക്കുന്നതിന് ചെലവാകുന്ന 2,49,782/-രൂപയുടെ

ഭരണാനുമതിയും ടി തുക 2029-00-102-95-34- ഒസി എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി

സർവെ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ(വ്യയം-ഡി) വകുപ്പ്. ( E-3105426/EXP-D1/156/2025-FIN)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ ( വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്(REV-E2/72/2025-REV).

ഉത്തരവിൻ പ്രകാരം

Signed by
Joshy K L
സെക്ഷൻ ഓഫീസർ
Date: 10-04-2025 12:50:44